സർക്കാർ തലത്തിലും പദ്ധതിയുടെ പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി വകുപ്പുമന്ത്രി തലവനായിട്ടുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി, ചീഫ് സെക്രട്ടറി ചെയർമാനായുള്ള എംപവേർഡ് കമ്മിറ്റി, ഫണ്ട് റിലീസ് കമ്മിറ്റി എന്നിവ നിലവിലുണ്ട്. ജില്ലാ-തലങ്ങളിൽ കോ-ഓർഡിനേഷൻ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

(ബി) ശുദ്ധജല വിതരണ രംഗത്ത് ഫലപ്രദമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കുട്ടനാട് താലൂക്കിലെ സമഗ്ര ശുദ്ധജല പദ്ധതിക്ക് ജപ്പാൻ ധനസഹായം

149 (5039) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. മുരളി:
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് താലൂക്കിലെ സമഗ്ര ശുദ്ധജല പദ്ധതിക്ക് ജപ്പാൻ ധനസഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) എത്ര കോടി രൂപയുടെ പദ്ധതിയാണ് ഇതിനായി വിഭാവനം ചെയ്തിരിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയാണ് ജപ്പാൻ ധനസഹായമായി ലഭ്യമാക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തൊക്കെ പ്രവർത്തനങ്ങൾ ഈ വർഷം നടപ്പിലാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇതിനായി എന്തു തുക ഈ വർഷം ചെലവഴിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുട്ടനാട് താലൂക്കിലെ സമഗ്ര ശുദ്ധജല പദ്ധതിക്കുവേണ്ടിയുള്ള ഒരു പദ്ധതി നിർദ്ദേശം ജപ്പാൻ ധനസഹായത്തിനായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരുന്നു. എന്നാൽ വിദേശ സഹായം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കാത്തതിനാൽ ഇതു സംബന്ധിച്ചുള്ള തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല.

(ബി - ഇ) 316.70 കോടി രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിക്ക് അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ വിശദാംശങ്ങൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

കെ.ഡബ്ല്യു.എ. കുടിവെള്ള പദ്ധതികൾ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിന് നടപടി

150 (5040) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.ഡബ്ല്യു.എ. യുടെ കീഴിലുള്ള 25 വർഷത്തിലേറെ പഴക്കമുള്ള കുടിവെള്ള പദ്ധതികൾ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇത് സംബന്ധമായ നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ;

(സി) എത്ര തുക സംസ്ഥാന ബഡ്ജറ്റിൽ ഇക്കാര്യത്തിനായി വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വർഷങ്ങൾക്ക് മുൻപ് കമ്മീഷൻ ചെയ്യപ്പെട്ട നഗര ശുദ്ധജല വിതരണ പദ്ധതികളുടേയും ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടേയും പമ്പ് സെറ്റുകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ അറ്റകുറ്റപണികൾ/ മാറ്റി സ്ഥാപിക്കൽ, കേടായ പൈപ്പുലൈനുകൾ, പമ്പിംഗ് മെയിനുകൾ ഗ്രാവിറ്റി മെയിനുകൾ, വിതരണ ലൈനുകൾ എന്നിവ മാറ്റി സ്ഥാപിക്കൽ, ഫിൽറ്റർ മീഡിയ മാറ്റി വയ്ക്കുക തുടങ്ങിയ ട്രീറ്റ്മെന്റ് പ്ളാന്റിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ മറ്റു പുനരുദ്ധാരണ പദ്ധതികൾ എന്നിവ സ്റ്റേറ്റ് പ്ളാൻ ഫണ്ട് ഉപയോഗിച്ചു നടപ്പിലാക്കിവരുന്നു.

ഇപ്പോൾ നിലവിലുള്ള ഭൂരിഭാഗം ജലവിതരണ പദ്ധതികളും ദശാബ്ദങ്ങൾക്കു മുൻപ് കമ്മീഷൻ ചെയ്തതാണ്. ഇത്തരം പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള മോട്ടോറുകൾ, പമ്പുകൾ എന്നിവ ഭാഗികമായി നശിച്ചു പോയവയാണ്. ഇവയുടെ പുനരുദ്ധാണത്തിനും മറ്റും ഊർജ്ജസംരക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും വേണ്ട നടപടികൾ ജല അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്. കപ്പാസിറ്ററുകൾ സ്ഥാപിക്കൽ, കേടായ പമ്പുകൾ, മോട്ടോറുകൾ, ട്രാൻസ്ഫോർമറുകൾ, സ്വിച്ച് ഗിയറുകൾ എന്നിവ മാറ്റി സ്ഥാപിക്കൽ എന്നിവയും സ്റ്റേറ്റ് പ്ളാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു.

മഞ്ചേരി, കോഴിക്കോട്, വടകര, തലശ്ശേരി, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജലവിതരണ പദ്ധതികളുടെ പഴയതും കേടായതുമായ പൈപ്പുകൾ "നിലവിലുള്ള ജല വിതരണ പദ്ധതികളുടെ പഴകിയ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ" പദ്ധിതിയിലുൾപ്പെടുത്തി മാറ്റി സ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി കേരള ജലഅതോറിറ്റിയിലെ 43 പഴയ വാട്ടർ ട്രീറ്റ്മെന്റ് പ്ളാന്റുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly